WEDNESDAY 25/12/2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/12/2024

1. മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ചുങ്കത്തറ ജില്ലാ കൃഷി ഫാമിൽ ജനുവരി രണ്ട് മുതൽ ആറ് വരെ അന്താരാഷ്ട്ര കാർഷിക പ്രദർശന വിപണന മേള നിറപൊലി അഗ്രി എക്സ്പോ നടത്തുന്നു. സംസ്ഥാന കാർഷിക വികസന- കർഷക കേ വകുപ്പിൻറെ സ്ഥാപനങ്ങളുടെ സ്റ്റാളുകൾക്ക് പുറമെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന രാജ്യത്തെ വിവിധ സ്ഥാപനങ്ങളുടെ നൂറോളം സ്റ്റാളുകൾ മേളയിൽ ഉ ണ്ടാവും. വിവിധങ്ങളായ നടീൽ വസ്തുക്കൾ, മൂല്യവർധിതകാർഷികോൽപന്നങ്ങൾ എന്നിവയുടെ പ്രദർശനവും വിൽപ്പനയും മേളയിലുാവും. ആധുനിക കാർഷിക യന്ത്രസാമഗ്രികളുടെ പ്രദർശനം, വിദ്യാർഥികൾക്കായി വിവിധ മൽസരങ്ങൾ, കുട്ടികൾക്കുള്ള പിക്നിക് പാർക്ക് ഫുഡ് കോർട്ട് തുടങ്ങിയവയും സജ്ജീകരിക്കും. മേളയോടനുബന്ധിച്ച് വിവിധ വിഷയങ്ങളിൽ കാർഷിക സെമിനാറുകളും സംഘടിപ്പിക്കുന്നു.

2. കേരളകാർഷികസർവകലാശാലക്ക് കീഴിൽ കോഴിക്കോട് വേങ്ങേരിയിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന വിപണനകേന്ദ്രത്തിൽ ഗുണമേന്മയുള്ള നല്ലയിനം ഹൈബ്രിഡ് തെങ്ങിൻ തൈകളും മാവ്, പ്ലാവ്, പേര, സപ്പോട്ട, ചാമ്പ, ബറാബ, വെസ്റ്റ് ഇന്ത്യൻ ചെറി, ഡ്രാഗൺ ഫ്രൂട്ട്, കുരുമുളക്, സർവ്വസുഗന്ധി, ഗ്രാമ്പു, പട്ട, നാരകം എന്നിവയുടെ ഒട്ടു തൈകളും ലയർ തൈകളും ബഡ് ചെയ്ത തൈകളും വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0495 2935850, 9188223584.

3. എറണാകുളം ജില്ലാ ക്ഷീരസംഗമം ഡിസംബർ 26 മുതൽ 28 വരെ തിരുമാറാടി ഗവ. വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തുന്നു.

4. ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി എന്റോൾമെന്റ് ക്യാമ്പ് 31 വരെ കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ക്ഷീരകർഷകർക്കായി നടപ്പിലാക്കുന്ന ക്ഷീരസാന്ത്വനം മെഡിക്ലെയിം ഇൻഷ്വറൻസ്

പദ്ധതി 2024-25 ന്റെ എൻറോൾമെന്റ് ക്യാമ്പ് 2024 ഡിസംബർ 17 മുതൽഡിസംബർ 31 വരെ നടക്കും. 80 വയസ്സ് വരെയുള്ള ക്ഷീരകർഷകർക്ക് പദ്ധതിയിൽചേരാം. രണ്ടു ലക്ഷം രൂപ വരെയുള്ള ആശുപത്രി ചികിൽസക്ക് പണം നൽകേണ്ടതില്ല.സാധാരണ മരണത്തിന് 18 വയസ്സ് മുതൽ 60 വയസ്സ് വരെ ഒരു ലക്ഷം രൂപ വരെനോമിനിക്ക് ലഭിക്കും. നിലവിലുള്ള അസുഖങ്ങൾക്ക് 50,000 രൂപ വരെ പരിരക്ഷലഭിക്കും. 24 മണിക്കൂർ നേരമെങ്കിലും ആശുപത്രിയിൽ കിടത്തി ചികിൽസ നടത്തേണ്ടഅസുഖങ്ങൾക്ക് പരിരക്ഷ ലഭിക്കും. ഡയാലിസിസ്, കീമോതെറാപ്പി, റേഡിയോ തെറാപ്പി, കണ്ണ് ശസ്ത്രക്രിയ എന്നിവയ്ക്ക് 24മണിക്കൂർപരിധി ബാധകമല്ല. തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ക്യാഷ്‌ലെസ്സ് സൗകര്യം ലഭിക്കുന്നതാണ്. ഇൻഷുറൻസിൽ ആദ്യം ചേരുന്ന 18200 കേരള ക്ഷീരകർഷക ക്ഷേമനിധിഅംഗങ്ങൾക്ക് 3175 രൂപ പ്രീമിയം തുകയിൽ ഇളവും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് തൊട്ടടുത്തുള്ള ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടുക.

5. കേരള കാർഷിക സർവകലാശാല കമ്മ്യൂണിക്കേഷൻ സെന്ററിൽ കൂൺ വിത്തുകൾ വില്പനയ്ക്കായി തയ്യാറായിട്ടുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0487 - -2370773

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചുവരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾകൊണ്ടുള്ള കൊണ്ടാട്ടങ്ങൾ, (പാവൽ, വെണ്ട, പയർ), വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലിസോസ്, തക്കാളിസോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമികസംസ്കരണവും ചെയ്തുകൊടുക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487-2370773, 9497412597 എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽമുഖേനയോ ബന്ധപ്പെടാവുന്നതാണ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

7. കേരള കാർഷിക സർവ്വകലാശാല, അഗ്രി ബിസിനസ്സ് ഇൻകുബേറ്റർ, 'ഭക്ഷ്യ സംസ്കരണ മേഖലയിലെ സംരംഭകത്വ വികസനം' എന്ന വിഷയത്തിൽ ഈ മാസം 30–ന (30/12/2024ന്) പ്രായോഗിക ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പര്യം ഉള്ളവർ രജിസ്റ്റർ ചെയ്യാനും കൂടുതൽ വിവരങ്ങൾ അറിയാനും 0487 2438332 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം